# കടലേകും
# കനിവുകൾ

*എഡിറ്റിംഗ്* :

എൻ.ജി.മേനോൻ
വി.ശശികുമാർ

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി
ആകാശവാണി, തൃശൂർ

Malayalam

# KADALEKUM KANIVUKAL

*Edited by :*
**N. G. MENON**
**V. SASI KUMAR**

*Published by :*
**Dr. M. DEVARAJ,** Director, CMFRI, Kochi
and
Station Director, AIR, Trichur

*Editorial Assistance :*
BALU S.
SIMMY GEORGE

© 1998, Central Marine Fisheries Research Institute, Cochin - 14
Printed at PAICO, Cochin, S. India

# 2. കേരളത്തിന്റെ സമുദ്രമത്സ്യോൽപാദനം

കെ.ബാലൻ
*സി.എം.എഫ്.ആർ.ഐ. കൊച്ചി.*

ഭാരതത്തിലെ കടലോര സംസ്ഥാനങ്ങളിൽ സമുദ്രമത്സ്യ വിഭവങ്ങളുടെ ഉത്പാദനത്തിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. 1992-96 കാലയളവിൽ മൊത്തം സമുദ്രമത്സ്യോത്പാദനത്തിന്റെ ഏകദേശം ഇരുപത്തിയഞ്ചു ശതമാനവും കേരളത്തിന്റെ സംഭാവനയാണ്. കഴിഞ്ഞ നാലു ദശാബ്ദങ്ങളിൽ നാം പിടിച്ച സമുദ്ര മത്സ്യത്തിന്റെ കണക്ക് പരിശോധിച്ചാൽ ഈ സംഗതി പൂർണ്ണമായും ബോദ്ധ്യമാവും. 1950കളുടെ ആദ്യ പകുതിയിൽ കേരളത്തിന്റെ ഉത്പാദനം ശരാശരി ഒരുലക്ഷത്തി എഴപത്തി നാലായിരം ടണ്ണായിരുന്നത് തൊണ്ണൂറുകളിൽ 5.4 ലക്ഷം ടണ്ണായി ഉയർന്നു. ഈ വളർച്ചയുടെ മുഖ്യ കാരണങ്ങൾ യന്ത്രവൽകൃത ബോട്ടുകളുടെ ആവിർഭാവവും മത്സ്യബന്ധനരംഗത്ത് സാങ്കേതിക വിദ്യകളിലുണ്ടായ കുതിച്ചു കയറ്റവുമാണെന്ന് ലാന്റിംഗ് കാണാം. കൂടാതെ മറ്റു കടലോര സംസ്ഥാനങ്ങളിലെ ഈ രംഗത്തെ വികസന പ്രവർത്തനങ്ങളേക്കാൾ ഏറ്റവും മുന്നിലാണ് കേരളത്തിന്റെ പ്രവർത്തനങ്ങൾ. വികസന പ്രവർത്തനങ്ങളെ ഏറെ ത്വരിതപ്പെടുത്തുവാൻ സഹായിച്ച മറ്റൊരുഘടകം ഇവിടെയുള്ള കേന്ദ്ര സംസ്ഥാന മത്സ്യ ബന്ധന വകുപ്പുകളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനമാണ്.

കേരളത്തിന് ഏകദേശം 590 കിലോമീറ്റർ ദൈർഘ്യമുള്ള കടലോരമുണ്ട് കൂടാതെ40,000ച.കി.മീ. വരുന്ന മത്സ്യബന്ധനയോഗ്യമായ വൻകരത്തിട്ടയും ഇതിൽ 13,000ച.കി.മീ. 50മീറ്റർ ആഴമുള്ള പരമ്പരാഗത മത്സ്യബന്ധനം ഊർജ്ജിതമായി നടക്കുന്ന മത്സ്യബന്ധനമേഖലയാണ്. ഈ മേഖലയിൽ നിന്ന് ഒരു വർഷം പിടിക്കാവുന്ന മത്സ്യം ഏകദേശം 7ലക്ഷം ടണ്ണാണെന്ന് കണക്കാക്കി യിട്ടുണ്ട്. എന്നിരുന്നാലും 1996-ൽ കേരളത്തിന്റെ യഥാർത്ഥ മത്സ്യോൽപ്പാദനം 5.72 ലക്ഷം ടണ്ണായിരുന്നു. ഏകദേശം 1.5ലക്ഷത്തോളം മത്സ്യത്തൊഴി ലാളികൾ പ്രത്യക്ഷമായും 6.8ലക്ഷം പേർ പരോക്ഷമായും ഈ മേഖലയിൽ തൊഴിലെ ടുക്കുന്നുണ്ട്. ഒൻപത് തീരദേശ ജില്ലകളിലായി ഏകദേശം മുന്നൂറോളം കടലോര ഗ്രാമങ്ങൾ ഈ സംസ്ഥാനത്തുണ്ട്. കൂടാതെ മത്സ്യബന്ധനത്തിനായി തുറ മുഖങ്ങളും (Fisheries Harbours) ലാന്റിഗ് സെന്ററുകളും നമ്മുടെ മത്സ്യബന്ധനത്തെ ഏറെ

സുഗമമാക്കി. ഹാർബറുകളിൽ പ്രമുഖമായവ ശക്തികുളങ്ങര (നീണ്ടകര), കൊച്ചി, മുനമ്പം, ബേപ്പൂർ മുതലായവയാണ്. ചോമ്പാൽ പോലുള്ള സെന്ററുകൾ ചെറു തുറമുഖങ്ങളായി (Mini Harbours) വികസിപ്പിച്ചു കൊണ്ടിരിക്കുകയാണ്. യന്ത്രവൽകൃത ബോട്ടുകൾ അടുപ്പിക്കാവുന്ന വേറെയും പല കേന്ദ്രങ്ങളും ഇവിടെയുണ്ട്. അമ്പലപ്പുഴ കടപ്പുറം, അഴീക്കൽ, കാസർഗോഡ് മുതലായവ അവയിൽ ചിലതാണ്.

കേരളത്തിൽ മത്സ്യബന്ധന മേഘലയിൽ മൊത്തം 49200 വിവിധ യിനം യാനങ്ങളുണ്ട്. ഇതിൽ 4200 എണ്ണം യന്ത്രവൽകൃത ബോട്ടുകളാണ്. യന്ത്രവൽകൃത ബോട്ടുകളിൽ ഏകദേശം 3800ഓളം (90%) ട്രോളറുകളാണ്. ബാക്കി ഗിൽനെറ്റ് അടക്കം കൊല്ലിവല എന്നിവ ഉപയോഗിച്ചുള്ള മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു. പരമ്പരാഗത വള്ളങ്ങളിലും, കെട്ടു മരങ്ങളിലും മോട്ടോർ ഘടിപ്പിച്ച് (Outboard motors) ഏകദേശം13,000എണ്ണം ഉണ്ട്. അവയും മത്സ്യബന്ധത്തിനായി ഉപയോഗിക്കുന്നു.

യന്ത്രവൽകൃത മേഘലയിൽ മുഖ്യസ്ഥാനം ട്രോൾവലകൾക്കാണ്. അതേ പോലെ റിംഗ്വലയാണ് മോട്ടോർ ഘടിപ്പിച്ച വള്ളങ്ങളിൽ ഉപയോഗി ക്കുന്ന ഏറ്റവും പ്രചാരമുള്ള വല. ഈ റിംഗ്വല വടക്ക് മഞ്ചേശ്വരം മുതൽ തെക്ക് ശക്തികുളങ്ങര വരെ ഉപയോഗിക്കുന്നുണ്ട്.

ഇന്ത്യക്ക് ഏകദേശം 8129 കിലോമീറ്റർ ദൈർഘ്യമുള്ള കടൽ തീരമുണ്ട്. ഏകദേശം 1400 സെന്ററുകൾ ഈ തീരത്ത് ചിതറി കിടക്കുന്നു. മത്സ്യബന്ധനം വർഷത്തിൽ മിക്കവാറും എല്ലാ മാസങ്ങളിലും നടക്കുന്നുണ്ട്. മത്സ്യബന്ധനം കഴിഞ്ഞാൽ ബോട്ടുകളും, വള്ളങ്ങളും മറ്റും ഫിഷറീസ് ഹാർബറുകളിലോ, ലാന്റിങ്ങ് സെന്ററുകളിലോ അടുപ്പിക്കുന്നു. ഈ പരിതസ്ഥിതിയിൽ എല്ലാ ബോട്ടുകളിൽ നിന്നും കൊല്ലും മുഴുവനും പിടിച്ചെടുക്കുന്ന മത്സ്യങ്ങളുടെ തരംതിരിച്ച കണക്കെടുപ്പ് അസാദ്ധ്യമോ, അപ്രായോഗികമോ, ആണ്. കൂടാതെ ചിലവ് ഏറിയതും. സംഖ്യാ ശാസ്ത്രത്തിന്റെ (Statistics) അടിസ്ഥാന ത്തിൽ വളരെ ശാസ്ത്രീയമായി വികസിപ്പിച്ചെടുത്തതും പലതരത്തിൽ പരീക്ഷിച്ചു വിജയിച്ചതുമായുള്ള റാൻഡം സാംപ്ലിങ്ങ് രീതിയു മായി മറ്റു സാംപ്ലിങ്ങ് രീതികൾ ഇണക്കിച്ചേർത്തുള്ള ഒരു രീതിയാണ് ഇവിടെ ഉപയോഗിക്കുന്നത്. ഈ രീതിയുടെ ശാസ്ത്രീയ നാമം 'Stratified Multistage Random Sampling' എന്നാണ്. കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനം വികസിപ്പിച്ചെടുത്ത ഈ ശാസ്ത്രീയമായ രീതിയാണ് സമുദ്രമത്സ്യോത്പ്പാദനം തിട്ടപ്പെടുത്താൻ ഉപയോഗിക്കുന്നത്. ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ഭക്ഷ്യ കൃഷിസംഘടന വികസ്വര രാജ്യങ്ങളിലേക്കായി ഈമാർഗ്ഗം ശുപാർശ ചെയ്തിട്ടുണ്ട് എന്നത് ഇതിന്റെ സാംഗത്യം വെളിപ്പെടുത്തുന്നു.

കടൽതീരത്തെ പല മേഖലകളായി (Zone) വിഭജിച്ച് ഓരോമേഖലയിൽ നിന്നും മുൻ നിശ്ചയിച്ച രീതിയിൽ ഉൽപ്പാദനം സംബന്ധിച്ച കണക്ക് ശേഖരിക്കലാണ് ആദ്യഘട്ടം. ഈ സ്ഥിതി വിവരകണക്കുകൾ ഓരോമാസവും ശേഖരിക്കുവാനും യഥാസമയത്ത് പ്രസ്തുത സ്ഥാപനത്തിന്റെ കൊച്ചിയിലെ കേന്ദ്ര ഓഫീസിൽ എത്തിക്കുവാനുമുള്ള ജീവനക്കാരും മറ്റു സൗകര്യങ്ങളും ഇൻസ്റ്റിട്യൂട്ടിന് ഇന്നുണ്ട്. ആധുനിക കംപ്യൂട്ടറുകളുടെ സഹായത്തോടെ ഇവ വിശകലനം ചെയ്യുന്നു.

ഈ സ്ഥിതിവിവരകണക്കനുസരിച്ച് കഴിഞ്ഞ അഞ്ചുവർഷങ്ങളായി കേരളത്തിൽ കിട്ടികൊണ്ടിരിക്കുന്ന പ്രധാന മത്സ്യ ഇനങ്ങൾ നല്ലമത്തി, കൊഴുവ, കലവവർഗ്ഗം (കലവ, ചെമ്പല്ലി, വെളമീൻ, കിളിമീൻ മുതലായവ) കുട്ടൻ, കോര, പല്ലിമീൻ, വറ്റുപാര, തിരയാൻ, അയില, ചൂര, ചെമ്മീൻ, കണവ, ഞണ്ട്, എന്നിവയാണ്. കടൽക്കൊഞ്ച് അളവിൽ കുറവാണെങ്കിലും വളരെ പ്രധാനപ്പെട്ട ഒരിനമാണ്.

1992-96 കാലയളവിൽ നല്ലമത്തിയുടെ ശരാശരി ഉത്പ്പാദനം 30,000 ടണ്ണാണ്. 1991ൽ 1.06 ലക്ഷം ടണ്ണുണ്ടായിരുന്നത് 1994ൽ അത് വെറും 1500 ടണ്ണായി ചുരുങ്ങി. നല്ലമത്തി നിശ്ശേഷം നശിച്ചുപോയോ എന്ന ആശങ്കപോലും ഉണ്ടായിരുന്നു. എന്നാൽ 1995ൽ അത് 13,000 ടണ്ണായി. 1996-ൽ വീണ്ടും ഉയർന്നു 30000 ടണ്ണായി.

ഇതേ കാലയളവിലെ കേരളത്തിന്റെ ചെമ്മീൻ ഉല്പാദനം 52000 ടണ്ണായിരുന്നു. 1994-ൽ ഏറ്റവും കൂടുതൽ ചെമ്മീനുൽപ്പാദിപ്പിച്ചു (72,000 ടൺ). കരിക്കാടിയും നാരനും പൂവാലനുമായിരുന്നു ചെമ്മീനിലെ മുഖ്യമായ ഇനങ്ങൾ.

അയിലയുടെ ശരാശരി ഉല്പാദനം 83000 ടണ്ണായിരുന്നു. 1996-ൽ അയിലയുടെ ഉലാപാദനം 1,27,000 ടൺ കവിഞ്ഞു.

**യന്ത്രവൽകൃത മേഘല:-**

യന്ത്രവൽകൃത ബോട്ടിലുപയോഗിക്കുന്ന പ്രധാന മത്സ്യബന്ധനോപകരണങ്ങൾ ട്രോൾ വലയും ഗിൽനെറ്റും അടക്കംകൊല്ലി വലയുമാണ്. ചിലയിടങ്ങളിൽ ചൂണ്ടയും ഉപയോഗത്തിലുണ്ട്. ആകെ ഉൽപാദനത്തിന്റെ 47.7% ഈ മേഘലയുടെ സംഭാവനയാണ്.

**ഔട്ട്ബോർഡ് മേഘല:-**

മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത വള്ളങ്ങളിൽ പ്രധാനമായും ഉപയോഗി ക്കുന്ന വലകളാണ് റിംങ്ങ് (Ring Seine) താങ്ങുവലയും (Boat Seine) ഗിൽനെറ്റും ചൂണ്ടയും കൈകൊണ്ടു വലിക്കാവുന്ന ട്രോൾ വലകളും. ഉത്പ്പാദനത്തിന്റെ 47.1% കൈവരിച്ചത് മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത വള്ളങ്ങളാണ്.

**തികച്ചും പരമ്പരാഗത മേഘല:-**

പരമ്പരാഗതചെറുവള്ളങ്ങളും കട്ടമരവും വഴി കരവലയും ഗിൽനെറ്റും ചൂണ്ടയും മറ്റും ഉപയോഗപ്പെടുത്തിയാണ് മത്സ്യബന്ധനം. ഈ മേഘലയുടെ ഉത്പാദനം വെറും 5.2% മാത്രമാണ്.

**ഉത്പാദനം വിവിധതരം വലകളിലൂടെ**

**യന്ത്രവൽകൃത വിഭാഗം:-**

**തീരദേശട്രോാം വല:-** (Coastal Trawl)

കഴിഞ്ഞ പത്തുകൊല്ലത്തെ ഉല്പാദനം നോക്കിയാൽ ട്രോൾ വലയിലൂ ടെയുള്ള മത്സ്യോത്പാദനം കൂടിവരുന്നതായിക്കാണാം, അതേപോലെ മത്സ്യോത്പാദനപ്രയത്നവും (Fishing Effort) ഉത്പാദനക്ഷമതാ സൂചിക (CPU) യും ഉയർന്നിട്ടുണ്ട്

**അടക്കംകൊല്ലിവല**

കൊച്ചിയിൽ മാത്രമാണ് അടക്കംകൊല്ലിവലയുള്ള ബോട്ടുകൾ ഉപയോഗിക്കുന്നത്. വളരെ കുറഞ്ഞഎണ്ണം ബോട്ടുകൾ മാത്രമേയുള്ളു. ഉൽപാദനവും കുറഞ്ഞു വരികയാണ്.

**ഗിൽനെറ്റ്**

യന്ത്രവൽകൃത മേഖലയിലെ ഗിൽനെറ്റ് ബോട്ടുകളുടെ ഉല്പാദനം മൊത്തത്തിൽ കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. നെയ്മീൻ വിഭാഗത്തിലുള്ള ചിലതരം മത്സ്യങ്ങളുടെ അഭാവവും മറ്റ് മേഖലകളുടെ കടന്നേറ്റവും ആകാം ഈ കുറവിനു കാരണം.

**ഔട്ട്ബോർഡ് മോട്ടോർ വിഭാഗം**

എറണാകുളും, ആലപ്പുഴ, കൊല്ലം ജില്ലകളിലെ മത്സ്യതൊഴിലാളി കളുടെ അഭിനന്ദനാർഹമായ ഒരു കാൽവെയ്പ്പാണ് ഔട്ടബോർഡ് മോട്ടോർ

വള്ളങ്ങളിൽ ഘടിപ്പിക്കാനും മീൻപിടിക്കാനുമുള്ള തീരുമാനം. 1979-80 ലാണ് ഇതിന് തുടക്കമിട്ടത്. ഏകദേശം 12,000-ലധികം മോട്ടോർ ഘടിപ്പിച്ചിട്ടുള്ള വള്ളങ്ങളും മരങ്ങളും ഇന്നുണ്ട്. റിങ്ങ് വലകളുടെ ആവിർഭാവവും ഉപയോഗവുമാണ് മത്സ്യോത്പാദനത്തിന്റെ വർദ്ധനവിന് കാര്യമായ ആക്കം കൂട്ടിയത്.

**റിങ്ങ്‌വല:-**

1986-ലാണ് റിങ്ങ്‌വല വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗിച്ചു തുടങ്ങിയത്. ഇത് ഒരു ചെറിയ അടക്കം കൊല്ലിവല. തന്നെ വലുപ്പത്തിനനുസരിച്ച് 30-35 തൊഴിലാളികൾ വരെ ഒരു വള്ളത്തിൽ പണി എടുക്കുന്നു. താങ്ങുവലയുടെ പകരക്കാരനാണിവൻ.

**മിനിട്രോറം:-**

കൈകൊണ്ടു വലിക്കാവുന്ന ട്രോൾവല. ആലപ്പുഴ തീരത്താണ് ഇവ പ്രചാരത്തിലുള്ളത്. ആഴം കുറഞ്ഞ (5മീ.) തീരക്കടലിൽ ഈ വല ഉപയോഗിക്കുന്നു. കുറഞ്ഞ മുതൽ മുടക്കിൽ നടത്തുന്ന ഒരു മത്സ്യബന്ധന രീതിയാണ് ഇത്.

**പ്രതീക്ഷകൾ:-**

നമ്മുടെ മത്സ്യത്തൊഴിലാളികൾ നൂതന സാങ്കേതിക വിദ്യകളെ സഹർഷം സ്വീകരിക്കുന്നു, നവീകരിക്കുന്നു പ്രയോഗത്തിൽ വരുത്തുന്നു എന്നതിന് ഉത്തമോദാഹരണമാണ് ഔട്ട് ബോർഡ് മോട്ടോറുകളുടെ പ്രചുര പ്രചാരം. റിങ്ങ് വലകളുടെ ആവിർഭാവവും അവയുടെ ഉപയോഗവും ഉല്പാദനവും മറ്റൊരു തെളിവാണ്.

മത്സ്യബന്ധനം നടത്തുന്ന സ്ഥലം (Area/fishing ground) പരമ്പരാഗതമായി ഉപയോഗിച്ചു വരുന്ന സ്ഥലം തന്നെയാണ്. ഉല്പാദനം വർദ്ധിപ്പിക്കണമെങ്കിൽ, വൻകരത്തിട്ടയിലെ ആഴങ്ങളിൽ പോയി മീൻപിടിക്കാൻ പറ്റിയതരത്തിലുള്ള മീഡിയം (നടുത്തരം) ബോട്ടുകൾ ആവശ്യമാണ്. ഇത്തരം ബോട്ടുകൾക്ക് മത്സ്യകൂട്ടങ്ങളെ കണ്ടെത്താനുള്ള ആധുനിക രീതിയിലുള്ള ഉപകരണങ്ങളും, മതിയായ സംഭരണി കളും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ ഉല്പാദനം കൈകാര്യം ചെയ്യാനുള്ള മറ്റു സംവിധാനങ്ങൾ റോഡുകൾ, ശീതസംഭരണികൾ മുതലായവ വികസിപ്പിച്ചെടുക്കേണ്ടതായിട്ടുണ്ട്.

മത്സ്യവിപണത്തിനും, വിതരണത്തിനും ഉള്ള ആഭ്യന്തര വിപണി വികസിപ്പിച്ചെടുക്കണം, ഒപ്പം വിലകുറഞ്ഞ മത്സ്യത്തിൽ നിന്ന് മൂല്യവർദ്ധനവ് നടത്തി മറ്റ് വിഭവങ്ങളും വികസിപ്പിച്ചെടുക്കണം.

സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിട്യൂട്ട് മത്സ്യകൃഷിയിൽ മുതൽമുടക്ക് കുറഞ്ഞ പല പുതിയ സാങ്കേതിക വിദ്യകളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. അവയിൽ ചെമ്മീൻ, ഞണ്ട്, കല്ലുമ്മക്കായ്, കക്ക, മുരിങ്ങ എന്നിവയുടെ കൃഷി പ്രധാനപ്പെട്ടവയാണ്. ഉല്പാദനത്തിന്റെ വർദ്ധനക്ക് ഇവ വളരെ ഉപകരിക്കും. മാത്രമല്ല കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് മുത്തുച്ചിപ്പി വളർത്തൽ പോലുള്ള കൃഷികളും ഉപയോഗപ്പെടും.

## പ്രശ്നങ്ങൾ

കേരളത്തിന്റെ തീരക്കടലിൽ ഇന്ന് നടത്തുന്ന മത്സ്യബന്ധനം പ്രത്യേകിച്ചും ട്രോൾ വലകളുടെയും റിംഗ് വലകളുടെയും ഉപയോഗം വളരെ ഉയർന്നതോതി ലാണ്. ഏകദേശം 3800 ട്രോളറുകൾ ഉപയോഗത്തിലുണ്ട്. 2200-ഓളം റിങ്ങ് വലകളും. ഇതിനു പുറമേ പരമ്പരാഗത നൗകകളും ഈ തീരത്ത് മത്സ്യോല്പാദനത്തിനായുള്ള പ്രയത്നത്തിലേർപ്പെട്ടിട്ടുണ്ട്. ട്രോളിഗ്, അത് യന്ത്രവൽകൃത മേഘലയിലായാലും ശരി, ഔട്ട് ബോർഡ് മോട്ടോർ മേഘലയിലായാലും ശരി ചില പരിസ്ഥിതി പ്രശനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കടലിന്റെ അടിത്തട്ടിലുള്ള ജന്തുജാലങ്ങളെയും മത്സ്യക്കുഞ്ഞുങ്ങളെയും ഈ മത്സ്യബന്ധനരീതി പ്രതികൂലമായി ബാധിക്കുന്നുണ്ട്. സ്ഥായിയായ ഉൽപ്പാദനത്തിന് ഓരോ വിഭാഗത്തിലും എന്തുമാത്രം ബോട്ടുകൾ വള്ളങ്ങൾ മരങ്ങൾ ആവാമെന്നതിന് ഒരു വിചിന്തനം വേണ്ടി വന്നാൽ നിയന്ത്രണങ്ങളും ആവശ്യമാണ്.

മത്സ്യബന്ധനമേഘലയിലെ വിവിധതരം വള്ളങ്ങൾക്ക് / ബോട്ടുകൾക്ക് മത്സ്യ ബന്ധനം നടത്താനായി പ്രത്യേകം പ്രത്യേകം മേഘലകൾ (ആഴത്തെ ആസ്പദമാക്കി) ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇവ നടപ്പിലാക്കുന്നതിൽ നിഷ്കർഷതയില്ല. അതുമൂലം പലപ്പോഴും വിവിധവിഭാഗം മത്സ്യത്തൊഴിലാളികൾ തമ്മിൽ സംഘർഷം ഉണ്ടാവാറുണ്ട്. നിയമം നിഷ്കർഷിച്ചാൽ ഇതൊഴിവാക്കാവുന്നതാണ്.